നം: 175/Camp/DUPC(P)/2014

ജയിലാസ്ഥാനകാര്യാലയം,
തിരുവനന്തപുരം.
തീയതി

**സർക്കുലർ** - 41/2014

വിഷയം:- ജയിലുകൾ - 18 വയസ്സിന് താഴെയുള്ളവർ ജയിലുകളിൽ പ്രവേശിപ്പിക്കപ്പെടാതിരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- ലറ്റർ നം.790/2009/LA.2/2014/KeSCPCR തീയതി 19/08/14 എന്ന ബാലാവകാശ കമ്മീഷൻ രജിസ്ട്രാറുടെ കത്ത്.

സംസ്ഥാനത്തെ ജയിലുകളിൽ 18 വയസ്സിന് താഴെയുള്ള ആരെയും പാർപ്പിക്കുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനായി സംശയമുള്ള മുഴുവൻ വ്യക്തികളുടെയും പ്രായനിർണ്ണയം സംബന്ധിച്ച പരിശോധനയും അന്വേഷണവും നടത്തുവാൻ ജയിൽ സൂപ്രണ്ടുമാർക്ക് നിർദ്ദേശം നൽകണമെന്ന സൂചന കത്തിലെ ആവശ്യം കണക്കിലെടുത്ത് ജയിൽ വകുപ്പിന് സാധ്യമാകുന്ന ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ടും ആയതിന് കീഴിൽ ഉണ്ടാക്കിയിട്ടുള്ള 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളും അനുസരിച്ച് 18 വയസ്സിനും അതിന് മുകളിലുമുള്ള റിമാന്റ്/വിചാരണ/ശിക്ഷാ തടവുകാരെ മാത്രമേ ബോർസ്റ്റൽ സ്കൂൾ ഉൾപ്പെടെയുള്ള ജയിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ പാർപ്പിക്കുവാൻ വ്യവസ്ഥയുള്ളൂ. 2000 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് സെക്ഷൻ 10 പ്രകാരം 18 വയസ്സിന് താഴെയുള്ള ആരെയും പോലീസ് ലോക്കപ്പുകളിലോ ജയിൽ സ്ഥാപനങ്ങളിലോ പാർപ്പിക്കുവാൻ പാടുള്ളതല്ല.

ടി സാഹചര്യത്തിൽ ജയിലുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന തടവുകാരിൽ/അന്തേവാസികളിൽ 18 വയസ്സ് ആയിട്ടില്ല എന്ന് പ്രഥമദൃഷ്ട്യാ സംശയം തോന്നുന്ന കേസ്സുകൾ 2000 ലെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ സെക്ഷൻ 4 പ്രകാരം രൂപീകരിച്ചിട്ടുള്ള ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ചുമതലയുള്ള ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്/ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ്-ന്റെ ശ്രദ്ധയിൽ അടിയന്തിരമായി കൊണ്ടുവരേണ്ടതും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം തുടർ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ്
& കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും